**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.903 04.03.2020-ൽ മറുപടിക്ക്**

## വസ്ത്രനിർമ്മാണ വ്യവസായ മേഖലയിലെ മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഷാനിമോൾ ഉസ്മാൻ : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ വസ്ത്രനിർമ്മാണ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;<br><br>(ബി) തയ്യൽ തുടങ്ങിയ ജോലികളുടെ പീസ് റേറ്റ് പുതുക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ ? | (എ) യും (ബി) യും സംസ്ഥാനത്തെ വസ്ത്രനിർമ്മാണ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം 30.12.2019-ലെ ജി.ഒ.(പി) നം.143/2019/ തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പീസ് റേറ്റ് ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KI/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2020 ജനുവരി 16<br>16th January 2020<br>1195 മകരം 2<br>2nd Makaram 1195<br>1941 പൌഷം 26<br>26th Pousha 1941 | നമ്പർ<br>No. | 116 |

GOVERNMENT OF KERALA
**Labour and Skills (E) Department**

NOTIFICATION

G.O. (P) No. 143/2019/LBR. *Dated, Thiruvananthapuram, 30th December, 2019*
*14th Dhanu, 1195.*

**S. R. O. No. 34/2020**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O. (Ms.) No. 132/2010/LBR

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

dated 6th November, 2010 and published as S.R.O. No. 1015/2010 in the Kerala Gazette Extraordinary No. 2489 dated 8th November, 2010 the Government of Kerala after considering the objections and suggestions received on the draft proposals published as notification No. E1/5/2019/LBRD. dated 22nd March, 2019 in the Kerala Gazette Extraordinary No. 1289 dated 31st May, 2019 as required under clause (b) of sub-section (1) of section 5 of the said Act and after considering the advice of the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Garment Manufacturing industry sector in the State of Kerala as specified in the Schedule hereto annexed below and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

SCHEDULE

**1. Basic Wages**

| *Sl. No.* | *Work* | *Monthly Wages (in Rupees)* |
|---|---|---|
| (1) | (2) | (3) |
| **A.** | **Technical Category** | |
| 1. | Production Manager | ₹14,020 |
| 2. | Supervisor/Cutter-cum-Pattern Maker Grade- I | ₹13,190 |
| 3. | Cutter-cum-pattern Maker Grade- II | ₹12,520 |
| 4. | Machine operator Grade I/ Khaja button operator/ Buttoning machine operator / Bartech operator/Tailor Grade I/ Sewing machine operator Grade I/Assistant cutter | ₹11,870 |
| 5. | Iron man/Presser Grade I | ₹11,290 |
| 6. | Checker Grade I/Iron man/Presser Grade II | ₹11,090 |
| 7. | Machine Operator Grade II/ Tailor Grade II/ Sewing machine Operator Grade II/Layer/Fabric checker/ Feeding Assistant/Laundry Machine Operator/Batch checker/Trimmer/Packer | ₹10,510 |
| 8. | Helper | ₹9,940 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) |
|---|---|---|
| **B.** | **Office Category** | |
| 1. | Manager | ₹14,020 |
| 2. | Cashier/Clerk/Store Keeper | ₹12,110 |
| 3. | Accountant/Typist/Time Keeper | ₹11,680 |
| 4. | Driver | ₹12,040 |
| 5. | Security /Watchman | ₹9,940 |
| 6. | Sweeper | ₹9,640 |

The employer can appoint workers directly to Grade I categories but the workers who have not less than five years continuous service in the same cadre shall be included in Grade I category and paid wages for that category.

**2. Piece rate**

| *Sl. No.* | *Work (Item)* | *Basic wages (Rs.)* | *Work load per day (in Nos.)* |
|---|---|---|---|
| (1) | (2) | (3) | (4) |
| **Stitching Work** | | | |
| 1 | Pants | ₹130 per one | 4 |
| 2 | Shirt Full Sleeve | ₹80 per one | 6 |
| | Shirt Half Sleeve | ₹70 per one | 7 |
| | *Note*:—The employees shall complete works except button hole and hook fitting. | | |
| 3 | Blouse (ordinary) | ₹60 per one | 7 |
| | Blouse Lace, with lining | ₹75 per one | 6 |
| | *Note*:—The employees shall complete works except button hole and hook fitting. | | |
| 4 | Churidar (Cotton material) (22" size and above) | | |
| | Ordinary | ₹95 per one | 5 |
| | Model/Design | ₹115 per one | 4 |
| | *Note*:—For the work done in clothes other than cotton cloth, 10% in addition to the above rate shall be given. | | |
| 5 | Umbrella Skirt Ordinary | ₹10 per one | 36 |
| | Model/with frill | ₹15 per one | 28 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | Maxi/Nighty | | |
| | Ordinary | ₹35 per one | 15 |
| | Model/Design | ₹40 per one | 12 |
| | *Note*:—The clothes shall be given after size cutting for stitching in the above 6 Cases. | | |
| 7 | Braziers | ₹165 for 1 dozen | 3 dozen |
| 8 | Panties | ₹165 for 1 dozen | 3 dozen |

**3. Guaranteed Minimum Wages**

Piece rated employees are eligible for Guaranteed Minimum wages of Rs.355 per day.

**4. Dearness Allowance**

In addition to the basic wages, all employees are entitled to be paid Dearness Allowance calculated on the basis of the Consumer Price Index Number in respect of concerned District Headquarter centres published by the Department of Economics and Statistics, Government of Kerala for each increase of above 300 points in the new series 1998-99 =100, the monthly waged employees shall be eligible for dearness allowance for each month at the rate of Rs.26 (Rupees Twenty six only) and daily waged employees at the rate of Rs.1 (Rupee One only).

The piece rated workers are eligible for Dearness Allowance, when the work allotted to them are completed. The work turn over in a week may be reckoned together and DA shall be paid at the rate of 1 DA per one day's work load subject to a maximum of 1 DA for a day and 6 DA for a week.

**5. Other conditions**

1. The workers who are actually in receipt of wages higher than the minimum rates of wages fixed as per this notification shall continue to get the benefit of such higher wages.

2. The daily wages of the monthly paid employees or class of employees shall be calculated by dividing the monthly total wages by 26 and the monthly wages in respect of the daily paid employees or class of employees shall be calculated by multiplying the total wages by 26.

By order of the Governor,
SATYAJEET RAJAN,
*Additional Chief Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Government had earlier fixed the minimum rates of wages payable to the employees employed in the Garment Manufacturing sector in the State of Kerala as per notification issued under G.O.(Ms.)No.132/2010/LBR dated 6th November, 2010 and published as S.R.O.No.1015/2010 in the Kerala Gazette Extraordinary No. 2489 dated 8th November, 2010. The Government have now decided to revise the existing minimum rates of wages in the said industry sector after considering the objections and suggestions received on the draft proposal published as notification No. E1/5/2019/LBR dated 22nd March, 2019 in the Kerala Gazette Extraordinary No. 1289 dated 31st May, 2019 and after considering the advice of the Minimum Wages Advisory Board constituted for the purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ. ഉ. (അച്ചടി) നമ്പർ 143/2019/തൊഴിൽ

*തിരുവനന്തപുരം, 2019 ഡിസംബർ 30*
*1195 ധനു 14*

**എസ്. ആർ. ഒ. നമ്പർ 34/2020**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2010 നവംബർ 6-ാം തീയതിയിലെ ജി. ഒ. (എംഎസ്.) 132/2010/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2010 നവംബർ 8-ാം തീയതിയിലെ 2489-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.1015/2010 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2019 മാർച്ച് 22-ാം തീയതിയിലെ ഇ1/5/2019/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2019 മെയ് 31-ാം തീയതിയിലെ 1289-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ഉപദേശം പരിഗണിച്ചശേഷവും, കേരള സർക്കാർ, സംസ്ഥാനത്തെ വസ്ത്ര നിർമ്മാണ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

### 1. അടിസ്ഥാന വേതനം

| *ക്രമ നമ്പർ* | *ജോലി* | *നിശ്ചയിക്കുന്ന പ്രതിമാസ വേതനം* |
|---|---|---|
| (1) | (2) | (3) |
| **എ. സാങ്കേതിക വിഭാഗം** | | |
| 1. | പ്രൊഡക്ഷൻ മാനേജർ | ₹14,020 |
| 2. | സൂപ്പർവൈസർ/കട്ടർ-കം-പാറ്റേൺ മേക്കർ ഗ്രേഡ് - 1 | ₹13,190 |
| 3. | കട്ടർ-കം-പാറ്റേൺ മേക്കർ ഗ്രേഡ്-2 | ₹12,520 |
| 4. | മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്-1/ഖാജാ ബട്ടൺ ഓപ്പറേറ്റർ/ബട്ടണിംഗ്/മെഷീൻ ഓപ്പറേറ്റർ/ ബാർടെക് ഓപ്പറേറ്റർ/ടെയ്‌ലർ ഗ്രേഡ്-1/ സ്യൂയിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്-1/ അസിസ്റ്റന്റ് കട്ടർ | ₹11,870 |
| 5. | അയേൺമാൻ/പ്രസ്സർ ഗ്രേഡ്-1 | ₹11,290 |
| 6. | ചെക്കർ ഗ്രേഡ്-1/അയേൺമാൻ/പ്രസ്സർ ഗ്രേഡ്-2 | ₹11,090 |
| 7. | മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്-2/ടെയ്‌ലർ ഗ്രേഡ്-2/ സ്യൂയിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്-2/ ലെയർ/ഫാബ്രിക് ചെക്കർ/ഫീഡിംഗ് അസിസ്റ്റന്റ്/ ലോൺഡ്രി മെഷീൻ ഓപ്പറേറ്റർ/ബാച്ച് ചെക്കർ/ ട്രിമ്മർ/പായ്ക്കർ | ₹10,510 |
| 8. | ഹെൽപ്പർ | ₹9,940 |
| **ബി. ഓഫീസ് വിഭാഗം** | | |
| 1. | മാനേജർ | ₹14,020 |
| 2. | കാഷ്യർ/ക്ലാർക്ക്/സ്റ്റോർ കീപ്പർ | ₹12,110 |
| 3. | അക്കൗണ്ടന്റ്/ടൈപ്പിസ്റ്റ്/ടൈം കീപ്പർ | ₹11,680 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 4. | ഡ്രൈവർ | ₹12,040 |
| 5. | സെക്യൂരിറ്റി/വാച്ച്മാൻ | ₹9,940 |
| 6. | സ്വീപ്പർ | ₹9,640 |

പട്ടികയിൽ പറഞ്ഞിട്ടുള്ള ഗ്രേഡ് 1 തസ്തികകളിലേക്ക് തൊഴിലുടമയ്ക്ക് യഥേഷ്ടം നിയമനം നടത്താവുന്നതാണ്. എന്നാൽ ഒരു തസ്തികയിൽ തുടർച്ചയായി 5 വർഷത്തിൽ കുറയാതെ ജോലി ചെയ്യുന്ന തൊഴിലാളിയെ ഗ്രേഡ് 1 തസ്തികയിൽ ഉൾപ്പെടുത്തി ഗ്രേഡ് 1 തസ്തികയുടെ വേതനം നൽകേണ്ടതാണ്.

**2. പീസ് റേറ്റ്**

| *ക്രമ നമ്പർ* | *ജോലി (ഇനം)* | *നിശ്ചയിക്കുന്ന അടിസ്ഥാന വേതനം* | *ഒരു ദിവസത്തെ അദ്ധ്വാന ഭാരം (എണ്ണം)* |
|---|---|---|---|
| (1) | (2) | (3) | (4) |
| **തയ്യൽ ജോലികൾ** | | | |
| 1 | പാന്റ്സ് | ഒന്നിന് ₹130 | 4 |
| 2 | ഷർട്ട് -ഫുൾ സ്ലീവ് | ഒന്നിന് ₹80 | 6 |
| | ഷർട്ട് - ഹാഫ് സ്ലീവ് | ഒന്നിന് ₹70 | 7 |
| | *<u>കുറിപ്പ്</u>:—തൊഴിലാളി ബട്ടൺഹോൾ, ബട്ടൺ വയ്ക്കൽ ഒഴികെ എല്ലാ ജോലികളും തീർക്കണം.* | | |
| 3 | ബ്ലൗസ് (സാധാരണ) | ഒന്നിന് ₹60 | 7 |
| | ബ്ലൗസ് ലെയ്സ്, ലൈനിംഗ് വച്ച് | ഒന്നിന് ₹75 | 6 |
| | *<u>കുറിപ്പ്</u>:—തൊഴിലാളി ബട്ടൺ, ഹുക്സ് വെയ്ക്കൽ ഒഴികെ എല്ലാ ജോലികളും തീർക്കണം.* | | |
| 4 | ചുരിദാർ (കോട്ടൺ തുണി) (22"സൈസോ അതിൽ കൂടുതലോ) | | |
| | സാധാരണ | ഒന്നിന് ₹95 | 5 |
| | മോഡൽ/ ഡിസൈനിൽ | ഒന്നിന് ₹115 | 4 |
| | *<u>കുറിപ്പ്</u>:—കോട്ടൺ അല്ലാത്ത തുണി കൊണ്ട് തയ്ക്കുന്നതിന് 10 ശതമാനം വേതനം കൂടുതൽ നൽകണം.* | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 5 | അംബ്രല്ലാ സ്കർട്ട് (സാധാരണ)<br>മോഡൽ/ഫ്രിൽ വച്ച് | ഒന്നിന് ₹10<br>ഒന്നിന് ₹15 | 36<br>28 |
| 6 | മാക്സി /നൈറ്റി (സാധാരണ)<br>മോഡൽ/ഫ്രിൽ വച്ച് | ഒന്നിന് ₹35<br>ഒന്നിന് ₹40 | 15<br>12 |
| | *കുറിപ്പ്:—1 മുതൽ 6 വരെ എല്ലാ ഇനങ്ങൾക്കും തയ്യൽക്കാർക്ക് തുണി അനുയോജ്യമായി മുറിച്ചുകൊടുക്കേണ്ടതാണ്.* | | |
| 7 | ബ്രാസിയേർസ് | ഒരു ഡെസൻ<br>₹165 | 3 ഡെസൻ |
| 8 | പാന്റീസ് | ഒരു ഡെസൻ<br>₹165 | 3 ഡെസൻ |

**3. ഗ്യാരന്റീഡ് മിനിമം വേജ്**

പീസ് റേറ്റ് തൊഴിലാളികൾക്ക് ഗ്യാരന്റീഡ് മിനിമം വേതനമായി ഒരു ദിവസം 355/- രൂപ നൽകേണ്ടതാണ്.

**4. ക്ഷാമബത്ത**

മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനുപുറമെ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃവില സൂചികയിലെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച സൂചികയുടെ 300 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസ വേതനക്കാർക്ക് 1/- രൂപ (ഒരു രൂപ) നിരക്കിലും മാസശമ്പളക്കാർക്ക് 26 രൂപ നിരക്കിലും ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

പീസ് റേറ്റ് തൊഴിലാളികൾക്ക് ക്ഷാമബത്തയ്ക്ക് അർഹത നേടാൻ അതാത് വിഭാഗത്തിന് നിശ്ചയിച്ച അദ്ധ്വാനഭാരം പൂർത്തീകരിക്കേണ്ടതാണ്. ഒരു ആഴ്ചയിലെ പൂർത്തീകരിച്ച മൊത്തം അദ്ധ്വാനഭാരം കണക്കാക്കി പരമാവധി 6 ക്ഷാമബത്തയും ഒരു ദിവസത്തെ നിശ്ചിത അദ്ധ്വാനഭാരം പൂർത്തീകരിച്ചാൽ ഒരു ക്ഷാമബത്തയ്ക്കുമാണ് അർഹത.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**5. ഇതര വ്യവസ്ഥകൾ**

1. ഈ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള വേതനത്തേക്കാളും ഉയർന്ന വേതനം ഏതെങ്കിലും തൊഴിലാളിക്ക് ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനത്തിന് തന്നെ തുടർന്നും അർഹതയുണ്ടായിരിക്കുന്നതാണ്.
2. മാസശമ്പളം നിശ്ചയിച്ചിട്ടുള്ള തൊഴിലാളിക്കോ തൊഴിലാളി വിഭാഗത്തിനോ അർഹതപ്പെട്ട ദിവസവേതനം കണക്കാക്കുന്നത് ആ തൊഴിലാളിക്ക്/ തൊഴിലാളി വിഭാഗത്തിന് നിശ്ചയിക്കപ്പെട്ട മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ചും, അതുപോലെ ദിവസവേതനം നിശ്ചയിച്ചിട്ടുള്ള തൊഴിലാളിക്കോ, തൊഴിലാളി വിഭാഗത്തിനോ മാസവേതനം കണക്കാക്കുന്നത് ആ തൊഴിലാളിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും ആയിരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

സത്യജിത് രാജൻ,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ വസ്ത്ര നിർമ്മാണ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2010 നവംബർ 6-ാം തീയതിയിലെ ജി.ഒ. (എംഎസ്.) 132/2010/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2010 നവംബർ 8-ാം തീയതിയിലെ 2489-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 1015/2010 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്നു. 2019 മാർച്ച് 22-ാം തീയതിയിലെ ഇ1/5/2019/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2019 മെയ് 31-ാം തീയതിയിലെ 1289-ാം നമ്പർ കേരള അസാധാരണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത വ്യവസായ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള, പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ഉപദേശം പരിഗണിച്ചശേഷവും പ്രസ്തുത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

Digitally signed by SHEELA M G
Date:2020.01.16 07:08:02 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/